**പതിനഞ്ചാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2350** **13-09-2023-ൽ മറുപടിയ്ക്ക്**

**<u>രോഗിയുടെ വയറിൽ കത്രിക കുടുങ്ങിയ സംഭവം അന്വേഷിക്കാൻ മെഡിക്കൽ ബോർഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രസവ ശസ്ത്രക്രിയയ്ക്കിടെ വയറിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി ആവശ്യപ്പെട്ട് വിവിധ തലങ്ങളിലായി ആകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ വച്ച് നടന്ന സിസേറിയനിൽ സർജിക്കൽ സിസർ വയറ്റിൽ വച്ച് മറന്നു എന്ന ഒരു പരാതി ശ്രീമതി ഹർഷിന കെ കെ 27/09/2022 - ൽ മാതൃശിശു സംരക്ഷണ കേന്ദ്രം സൂപ്രണ്ടിന് സമർപ്പിക്കുകയും, ആശുപത്രി സൂപ്രണ്ട് പ്രസ്തുത പരാതി തുടർ നടപടികൾക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് കൈമാറുകയും ചെയ്തു. തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഒരു അന്വേഷണ കമ്മീഷനെ ഈ വിഷയം അന്വേഷിക്കുന്നതിനായി ചുമതലപ്പെടുത്തുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രസവ ശസ്ത്രക്രിയയ്ക്കിടെ വയറിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി. ഹർഷിന 28/09/2022 - ൽ ബഹു. ആരോഗ്യ വകുപ്പ് മന്ത്രി മുൻപാകെ ഇ-മെയിൽ മുഖാന്തിരം സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ സ്പെഷ്യൽ ഓഫീസർ ഡോ.അബ്ദുൾ റഷീദ് എം.എച്ച്.നെ കോർഡിനേറ്ററാക്കിക്കൊണ്ട് മൂന്നംഗ അന്വേഷണ സംഘത്തെ ചുമതല പ്പെടുത്തുകയും പ്രസ്തുത അന്വേഷണ സംഘം 20/10/2022-ൽ ശ്രീമതി ഹർഷിനയെ നേരിൽകണ്ട് മൊഴി രേഖപ്പെടുത്തുകയും കോഴിക്കോട് IMCH-ൽ പരിശോധന നടത്തുകയും ചെയ്തിരുന്നു.

പിന്നീട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ രണ്ട് ഡോക്ടർമാരെയും ആരോഗ്യ വകുപ്പിലെ ഒരു ഡോക്ടറെയും ഉൾപ്പെടുത്തി ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിനായി 16/01/2023 തീയതിയിലെ G.O(Rt)No. 102/2023/H&FWD നമ്പർ ഉത്തരവ് പ്രകാരം മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീമതി. ഹർഷീന മൂന്ന് തവണ ശസ്ത്രക്രിയയ്ക്ക് വിധേയയായതുകൊണ്ട് ഏതവസരത്തിലാണ് സർജിക്കൽ സിസർ ടിയാരിയുടെ വയറ്റിൽ കുടുങ്ങിയതെന്ന് ശാസ്ത്രീയമായ അന്വേഷണത്തിലൂടെ മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂയെന്നതിനാൽ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ശ്രീമതി ഹർഷീനയുടെ വയറ്റിൽ നിന്നും കണ്ടെടുത്ത സർജിക്കൽ സിസർ തിരുവനന്തപുരം ഫോറൻസിക്

സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിരുന്നു വെങ്കിലും Metal alloy യുടെ കൃത്യമായ കാലം തെളിയിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ല എന്നാണ് ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനും ആഭ്യന്തര വകുപ്പിനെ കൊണ്ട് തുടർ അന്വേഷണം നടത്തുന്നതിനും മന്ത്രിസഭയോഗ തീരുമാനത്തെ തുടർന്ന് 30.03.2023 -ലെ സ.ഉ(കൈ)നം.79/2023/H&FWD പ്രകാരം ഉത്തരവായിരുന്നു

Regional Forensic Science Laboratory ജോയിന്റ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിൽ 27/05/2023 ന് കൂടിയ യോഗത്തിൽ മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യം വകുപ്പുകളിലെ ഡോക്ടർമാർ പങ്കെടുക്കുകയും സർജിക്കൽ സിസറിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് കൊച്ചി റീജിണൽ ഫോറൻസിക് ലബോറട്ടറി ജോയിന്റ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം സർജിക്കൽ സിസർ സീൽ ചെയ്ത പാക്കറ്റിൽ തൃപ്പൂണിത്തറയിലുള്ള റീജിണൽ ഫോറൻസിക് ലബോറട്ടറിയിൽ എത്തിക്കുന്നതിനായി നടപടി സ്വീകരിച്ചിരുന്നെങ്കിലും അന്വേഷണത്തിന്റെ ഭാഗമായി സർജിക്കൽ സിസർ പോലീസ് അധികാരികൾ കണ്ടുകെട്ടിയതായും കേസ് അന്വേഷണം പൂർത്തീയാക്കി സ്ഥാപനത്തിൽ തിരിച്ചേൽപ്പിക്കുന്ന മുറയ്ക്ക് മാത്രമെ ടി സിസർ പരിശോധനയ്ക്ക് വിട്ടു നൽകാൻ കഴിയുകയുള്ളൂ എന്ന വിവരമാണ് കോഴിക്കോട് ഐ.എം.സി.എച്ച് സൂപ്രണ്ട് അറിയിച്ചിട്ടുള്ളത്. അതിനാൽ തന്നെ ശ്രീമതി. ഹർഷിനയുടെ വയറ്റിൽ കുടുങ്ങിയ സർജിക്കൽ സിസറിന്റെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത വിഷയത്തിൽ**,** ശ്രീ.വി.എം.സുധീരന്റെ കത്തും ശ്രീ.രമേഷ് ചെന്നിത്തല.എം.എൽ.എ**,** സി.എം.ഒ പോർട്ടൽ മുഖാന്തിരം ലഭ്യമാക്കിയ കത്തും ലഭിച്ചിട്ടുണ്ട്.

**(ബി)** പരാതിക്കാരിയായ ഹർഷിനയുടെ പരാതി നേരിട്ട് പരിഗണിച്ച വകുപ്പുമന്ത്രി എന്തെല്ലാം ഉറപ്പുകളാണ് ഇക്കാര്യത്തിൽ നൽകിയത്; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** ശ്രീമതി**.** ഹർഷിനയെ സന്ദർശിച്ച ശേഷം പരാതിയിന്മേൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും **2** ലക്ഷം രൂപ ധനസഹായം അനുവദിച്ചും വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പിനെ കൊണ്ട് അന്വേഷണം നടത്തുന്നതിനും 30.03.2023 -ലെ സ.ഉ(കൈ)നം.79/2023/H&FWD പ്രകാരം ഉത്തരവായിരുന്നു**.**

**(സി)** ഹർഷിനയുടെ വയറിൽ കുടുങ്ങിയിയത് മെഡിക്കൽ കോളേജിൽ ഉപയോഗിച്ച കത്രിക തന്നെയാണെന്ന് കോഴിക്കോട് എസ്.പി.യുടെ നേതൃത്വത്തിൽ നടന്ന പോലീസ് അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായോ; ഇതിൽ കുറ്റക്കാർ ആരൊക്കെയാണെന്നാണ് പോലീസ് കണ്ടെത്തിയത്; പോലീസ് റിപ്പോർട്ട് സമർപ്പിച്ച തീയതിയും റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളും അറിയിക്കുമോ;

**<u>മറുപടി:</u>** ആഭ്യന്തര വകുപ്പിന്റെ അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല**.** കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈംനം**.216/23 U/S 338 IPC** പ്രകാരം **FIR** രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്**.** ആരോഗ്യ വകുപ്പ് മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടില്ല**.**

**(ഡി)** പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തുന്നതിന് നിലവിൽ പുതിയ മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് രൂപീകരിച്ചത് എന്നാണ്; ബോർഡിലെ അംഗങ്ങൾ ആരൊക്കെയാണ്; എന്തൊക്കെ വിവരങ്ങളാണ് ബോർഡ് അന്വേഷണവിധേയമാക്കുക; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ആഭ്യന്തര വകുപ്പിന്റെ അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈംനം.**216/23 U/S 338 IPC** പ്രകാരം **FIR** രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആരോഗ്യ വകുപ്പ് മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടില്ല.

**(ഇ)** പോലീസ് അന്വേഷണത്തിൽ കുറ്റക്കാരെ കണ്ടെത്തിയതിനുശേഷവും പുതിയൊരു മെഡിക്കൽ ബോർഡ് രൂപീകരിച്ച് അന്വേഷണം നടത്തുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ആഭ്യന്തര വകുപ്പിന്റെ അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈംനം.**216/23 U/S 338 IPC** പ്രകാരം **FIR** രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആരോഗ്യ വകുപ്പ് മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**